**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1896** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ഡോ. ആർ ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിവിധ കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവയുടെ നവീകരണങ്ങൾക്കായി 61 കോടി രൂപയോളം അനുവദിച്ച് നൽകിയിട്ടുണ്ട്. 2022-23 അധ്യയന വർഷം നാക് സന്ദർശനത്തിനായി തയ്യാറെടുക്കുന്ന കോളേജുകൾക്ക് കോളേജ് നവീകരണപ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ അനുവദിച്ച് നൽകി. അതോടൊപ്പം കോളേജുകളിൽ സ്ഥിതിചെയ്യുന്ന വിവിധ ശാസ്ത്രവിഷയങ്ങളുടെ ലാബ്, ലൈബ്രറി എന്നിവയുടെ വികസനത്തിനായി 9 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസമേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കി മാറ്റുന്നതിനുള്ള പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **കരിക്കുലം പരിഷ്കാരം:-** 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2. വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>3. Rebuild Kerala വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകി കഴിഞ്ഞു.<br><br>4. **മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്):** നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ |

മികവ് പരിശോധിച്ച് മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. ഇത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

5. **പുതുതലമുറ കോഴ്സുകൾ:-** സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

6. **സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ** ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

7. **മറ്റ് പ്രധാന പദ്ധതികൾ :-**

- കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

വിദ്യാർത്ഥികളുടെ ക്ഷേമപ്രവർത്തന ങ്ങൾക്കായി നടത്തി വരുന്ന ജീവനി പദ്ധതിയുടെ ഭാഗമായി 73 സർക്കാർ കോളേജുകളിൽ സൈക്കോളജിസ്റ്റുമാരെ നിയമിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യനിരക്കിൽ ഉച്ചഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ അനുമതിയോടെ നടപ്പ് അധ്യയനവർഷം മുതൽ "വിശപ്പ് രഹിത ക്യാമ്പസ്" എന്ന പദ്ധതി ആരംഭിക്കുകയും, വിദ്യാർത്ഥികൾക്ക് സൗജന്യനിരക്കിൽ ഉച്ചഭക്ഷണം അനുവദി

| | | | |
|---|---|---|---|
| | | | ക്കുന്നതിനുമായി ഒരു കോടിയിലധികം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>വകുപ്പിന് കീഴിലുള്ള 4 സംഗീത കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കലാരംഗത്തെ അവരുടെ വൈദഗ്ദ്ധ്യം പൊതുജനങ്ങൾക്കായി കാഴ്ച വയ്ക്കുന്നതിനായി മ്യൂസിക് ഫെസ്റ്റ് സംഘടിപ്പിക്കുകയുണ്ടായി. പൊതുജന ങ്ങളിൽ നിന്നും വളരെ മികച്ച പ്രതികരണവും സംഗീത-ഫൈൻ ആർട്സ് വിദ്യാർത്ഥികൾക്ക് ഒരു പുതിയ അനുഭവം സൃഷ്ടിക്കുവാനും ഇതിലൂടെ സാധിച്ചു. വിദ്യാർത്ഥികൾക്ക് സമ്പാദ്യ ശീലം വളർത്തുന്നതിനായി ആസൂത്രണം ചെയ്ത് ASAP-മായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **"Earn While You Learn".**<br><br>**PLEASE** - ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ ആരംഭിച്ച പദ്ധതി<br><br>**"ഗ്രീൻ ക്യാമ്പസ്"** - മാലിന്യവിമുക്തമായ കോളേജ് ക്യാമ്പസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച പദ്ധതി<br><br>**Gender Senzitization & Media Literacy:** കോളേജുകളിൽ ലിംഗ സമത്വം ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടിയാണ് Gender Senzitization. അതിലേക്കായി 2 ദിവസത്തെ ശിൽപശാല സംഘടിപ്പി ക്കുകയും, ശിൽപശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>**സ്റ്റുഡന്റ്സ് ഫോർ സൊസൈറ്റി** - വിദ്യാർത്ഥികളെ സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപെടുത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതി |
| (ബി) | പ്രസ്തുത നടപടികളുടെ ഫലമായി അക്കാദമിക, ഭൗതിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | ' എ ' യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ